LIBRARY ARCHIVES Kerala Legislative Assembly

രാഷ്ട്രീയ സാംസ്കാരിക നായകന്മാരുടെ ജീവചരിത്രം പ്രസിദ്ധീകരിക്കുവാൻ നടപടി

61 [2030] ശ്രീ. കെ. സി. ജോസഫ്:
ശ്രീമതി. മാലേത്ത് സരളാദേവി:
ശ്രീ. ഡി. സുഗതൻ:
,, കെ. മോഹൻകുമാർ:
,, എൻ. ശക്തൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സാംസ്കാരികവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടം താണുപിള്ള, പനമ്പിള്ളി ഗോവിന്ദമേനോൻ, സി. കെ. ഗോവിന്ദൻ നായർ, മൊയ്തുമൗലവി, മാധവൻ നായർ, കുട്ടിമാളു അമ്മ എന്നിവരുടെ ജീവചരിത്രം പ്രസിദ്ധീകരിക്കുവാൻ സാംസ്കാരിക വകുപ്പ് തീരുമാനിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ഇതിന് എന്തെല്ലാം നടപടി സ്വീകരിച്ചു;

(സി) ഇക്കാര്യത്തിന് ചുമതലപ്പെടുത്തിയത് ആരെയെല്ലാമാണ്;

(ഡി) ഇവർ ബന്ധപ്പെട്ടവരുടെ ജീവചരിത്രമെഴുതി സമർപ്പിച്ചിട്ടുണ്ടോ;

(ഇ) ഇല്ലെങ്കിൽ അവരുടെ ജീവചരിത്രം അടിയന്തിരമായി പ്രസിദ്ധീകരിക്കുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി ആന്റ് സി) ശ്രീ. രാജീവ് ഗോപാലകൃഷ്ണൻ, ശ്രീ. എൽ. വി. ഹരികുമാർ, ശ്രീ. രാമചന്ദ്രൻ തിക്കോടി, ശ്രീ. പി. മുഹമ്മദലി, ശ്രീമതി പവിഴം മാധവൻ നായർ, ശ്രീ. തറമ്മൽ ബാലകൃഷ്ണൻ എന്നിവരെ യഥാക്രമം ചുമതലപ്പെടുത്താവുന്നതാണെന്ന് സാംസ്കാരിക പ്രസിദ്ധീകരണ വകുപ്പിന്റെ ഉപദേശക സമിതി തീരുമാനിച്ചതുപ്രകാരം ശ്രീ. തറമ്മൽ ബാലകൃഷ്ണൻ, ശ്രീമതി പവിഴം മാധവൻ നായർ എന്നിവർ ഒഴികെ മറ്റെല്ലാവരും ഗ്രന്ഥരചനാ സംബന്ധമായി വകുപ്പുമായി ഉടമ്പടി ഒപ്പുവച്ചിട്ടുണ്ട്. ശ്രീ. തറമ്മൽ ബാലകൃഷ്ണന് മാതൃകാ ഉടമ്പടി അയച്ചുകൊടുത്തിട്ടുണ്ട്. കെ. പി. മാധവൻ നായരുടെ ജീവചരിത്ര രചന നിർവ്വഹിക്കുന്നത് വിഷമകരമായതിനാൽ പ്രസ്തുത ചുമതലയിൽനിന്ന് ഒഴിവാക്കണമെന്ന ശ്രീമതി പവിഴം മാധവൻ നായരുടെ അഭ്യർത്ഥന പരിഗണിച്ച് പ്രസ്തുത ഗ്രന്ഥരചനയ്ക്ക് അഡ്വ. പി. ബാലഗംഗാധരമേനോനോട് സമ്മതം ആരാഞ്ഞിരിക്കുകയാണ്.

(ഡി ആന്റ് ഇ) പനമ്പിള്ളി ഗോവിന്ദമേനോന്റെ ജീവചരിത്രം ശ്രീ. എൽ. വി. ഹരികുമാർ തയ്യാറാക്കി സമർപ്പിച്ചിട്ടുണ്ട്. മറ്റുള്ളവരുടേത് അടിയന്തിരമായി സമർപ്പിക്കാൻ ബന്ധപ്പെട്ട ഗ്രന്ഥകാരന്മാരോട് ആവശ്യപ്പെട്ടിട്ടുണ്ട്.